LIBRARY ARCHIVES Kerala Legislative Assembly

കെ.എസ്.ആർ.ടി.സി. ബസ് സ്റ്റേഷനുകളിലെ സൗകര്യങ്ങൾ

192 (2912) ശ്രീ. എൻ. എ. നെല്ലിക്കുന്ന്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കെ.എസ്.ആർ.ടി.സി.-ക്ക് എത്ര ബസ് സ്റ്റേഷനുകൾ ഉണ്ടെന്ന് ജില്ല തിരിച്ചു വ്യക്തമാക്കുമോ?

സംസ്ഥാനത്ത് കെ.എസ്.ആർ.ടി.സി.-യുടെ ബസ് സ്റ്റേഷനുകൾ സംബന്ധിച്ച ജില്ല തിരിച്ചുള്ള വിവരം അനുബന്ധമായി ചേർക്കുന്നു*.

(ബി) പ്രസ്തുത ബസ് സ്റ്റേഷനുകൾ എപ്പോൾ നിർമ്മിച്ചതാണെന്നും അതിനായി എത്ര തുക വിനിയോഗിച്ചുവെന്നും ഫണ്ടിന്റെ സ്രോതസ്സ് എങ്ങനെയായിരുന്നുവെന്നും ജില്ല തിരിച്ചു വ്യക്തമാക്കുമോ?

ബസ് സ്റ്റേഷനുകളെ സംബന്ധിച്ച് ലഭ്യമായ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(സി) പ്രസ്തുത ബസ് സ്റ്റേഷനുകളിൽ ഉള്ള സൗകര്യങ്ങളും സംവിധാനങ്ങളും എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ?

യാത്രക്കാർക്കുള്ള കാത്തിരിപ്പ് കേന്ദ്രങ്ങൾ, പബ്ലിക് ടോയ്ലറ്റുകൾ, ബസ് പാർക്കിംഗ് ഏരിയ, ഗ്യാരേജ്, ഓഫീസ്, ജീവനക്കാർക്കുള്ള വിശ്രമമുറികൾ എന്നീ സംവിധാനങ്ങളുണ്ട്. അവയെല്ലാം പലതും കാലപ്പഴക്കം ചെന്നവയാണ്. പുതിയതായി ആരംഭിച്ച ബസ് സ്റ്റേഷനുകളിൽ ഇവയെല്ലാം നല്ല രീതിയിൽ പ്രവർത്തിക്കുന്നുണ്ട്.

(ഡി) എല്ലാ ബസ് സ്റ്റേഷനുകളിലും ശൗചാലയങ്ങൾ ഉണ്ടോയെന്നും അവ ഉപയോഗപ്രദമാണോയെന്നും വ്യക്തമാക്കാമോ?

പൊതുജനങ്ങൾക്കും ജീവനക്കാർക്കും ഉപയോഗിക്കുന്നതിനായി പ്രത്യേകം ശൗചാലയങ്ങളാണുള്ളത്. നിലവിൽ ചില ഡിപ്പോകളിൽ പൊതുജനങ്ങൾക്ക് ഉപയോഗിക്കുന്നതിനുള്ള ശൗചാലയങ്ങൾ ഉപയോഗപ്രദമല്ല. KSRTC-യുടെ എല്ലാ ബസ് സ്റ്റേഷനുകളിലെ ശൗചാലയങ്ങൾ പുനരുദ്ധരിക്കുന്നതിനും പുതുതായ ആധുനിക സംവിധാനങ്ങളോടുകൂടി നിർമ്മിക്കുന്നതിനുംവേണ്ടി നടപടികൾ എടുത്തുവരുന്നു.

(ഇ) കാസർഗോഡ് കെ.എസ്.ആർ.ടി.സി. ബസ് സ്റ്റേഷനിലെ സെപ്റ്റിക് ടാങ്ക് നിറഞ്ഞ് മലിനജലം പുറത്തേയ്ക്കൊഴുകി ശൗചാലയം ശോചനീയാവസ്ഥയിലാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ എന്ത് പരിഹാര നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ?

ഉണ്ട്. മലിനജലം നീക്കംചെയ്യുന്ന പ്രവൃത്തി ചെയ്യുന്നതിനായി 1,50,000 രൂപ മുൻകൂറായി കാസർഗോഡ് യൂണിറ്റധികാരിക്ക് അനുവദിച്ചുനൽകിയിട്ടുണ്ട്.

---

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.